**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **20-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസുകളിൽ സുഗമമായ യാത്ര ഉറപ്പാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ ആവശ്യങ്ങൾ മുൻനിർത്തി രാത്രികാല സർവ്വീസുകളിൽ പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയും സൗകര്യവും ഉറപ്പാക്കാൻ എന്തെല്ലാം നിർദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വഴിയിൽ നിന്നും കൈകാണിക്കുന്ന യാത്രക്കാരൻ അന്നദാതാവാണ് എന്ന പരിഗണന നൽകണമെന്നും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും ബസ്സുകൾ എടുക്കുമ്പോഴും, ബസ് സ്റ്റേഷനിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങുന്ന വേളകളിലും, സ്റ്റോപ്പുകളിൽ നിന്നും ബസ്സെടുക്കുമ്പോഴും ബസ്സിൽ കയറുവാൻ കൈ കാണിക്കുന്ന എല്ലാ യാത്രക്കാരേയും നിർബന്ധമായും കയറ്റണമെന്നും കെ.എസ്.ആർ.ടി.സി. / കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - സൂപ്പർ ഫാസ്റ്റ് വരെയുള്ള എല്ലാ സർവീസുകളിലും സീറ്റ് ലഭ്യതയുണ്ടെങ്കിൽ യാത്രാമദ്ധ്യേ യാത്രക്കാർ കൈ കാണിക്കുന്ന ഏത് സ്ഥലത്തും ഏത് സമയത്തും അപകടരഹിതമായും ട്രാഫിക് നിയമങ്ങൾ പാലിച്ചും ബസ് നിർത്തി യാത്രക്കാരെ കയറ്റി കൊണ്ടുപോകണമെന്നും ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസ്സിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കണമെന്ന് പൊതു നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ / ബസ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി ഇറക്കണമെന്നും ബസ്സിൽ കയറുവാനും ഇറങ്ങുവാനും ബുദ്ധിമുട്ടുന്നവർ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരെ ബസ്സിൽ കയറുവാനും ഇറങ്ങുവാനും കണ്ടക്ടർമാർ സഹായിക്കണമെന്നും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>2018 മുതൽ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കുന്ന പുതിയ ബസ്സുകൾ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ബസ്സ് ബോഡി കോഡ് AIS 052-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ 165 എ.സി. ലോ ഫ്ലോർ വോൾവോ ബസ്സുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാണ്.<br><br>സർവ്വീസിന് ഉപയോഗിക്കുന്ന സെമി ലോ - ഫ്ലോർ വിഭാഗത്തിൽപ്പെട്ട 288 നോൺ എ.സി. ബസ്സുകളുടെ ഫ്ലോർ ഹൈറ്റ് 650 മില്ലി മീറ്ററും, സിറ്റി സർവ്വീസുകൾക്കായി നിരത്തിലിറക്കിയ ഇലക്ട്രിക് ബസ്സുകൾ 890 മില്ലി മീറ്റർ ഫ്ലോർ ഹൈറ്റും ഉള്ളവയാണ്. |
| (സി) | ബസ്സിൽ കയറുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന വയോജനങ്ങൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും സുഗമമായ യാത്ര ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ; | (സി) | വഴിയിൽ നിന്നും കൈകാണിക്കുന്ന യാത്രക്കാരൻ അന്നദാതാവാണ് എന്ന പരിഗണന നൽകണമെന്നും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും ബസ്സുകൾ എടുക്കുമ്പോഴും, ബസ് സ്റ്റേഷനിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങുന്ന വേളകളിലും, സ്റ്റോപ്പുകളിൽ നിന്നും ബസ്സെടുക്കുമ്പോഴും ബസ്സിൽ കയറുവാൻ കൈ കാണിക്കുന്ന എല്ലാ യാത്രക്കാരേയും നിർബന്ധമായും കയറ്റണമെന്നും കെ.എസ്.ആർ.ടി.സി. / കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - സൂപ്പർ ഫാസ്റ്റ് വരെയുള്ള എല്ലാ സർവീസുകളിലും സീറ്റ് ലഭ്യതയുണ്ടെങ്കിൽ യാത്രാമദ്ധ്യേ യാത്രക്കാർ കൈ കാണിക്കുന്ന ഏത് സ്ഥലത്തും ഏത് സമയത്തും അപകടരഹിതമായും ട്രാഫിക് നിയമങ്ങൾ പാലിച്ചും ബസ് നിർത്തി യാത്രക്കാരെ കയറ്റി കൊണ്ടുപോകണമെന്നും ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന യാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസ്സിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കണമെന്ന് പൊതു നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ / ബസ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി ഇറക്കണമെന്നും ബസ്സിൽ കയറുവാനും ഇറങ്ങുവാനും ബുദ്ധിമുട്ടുന്നവർ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരെ ബസ്സിൽ കയറുവാനും ഇറങ്ങുവാനും കണ്ടക്ടർമാർ സഹായിക്കണമെന്നും പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>2018 മുതൽ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കുന്ന പുതിയ ബസ്സുകൾ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ബസ്സ് ബോഡി കോഡ് AIS 052-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയാണ്.<br><br>കെ.എസ്.ആർ.ടി.സി.യുടെ 165 എ.സി. ലോ ഫ്ലോർ വോൾവോ ബസ്സുകൾ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാണ്.<br><br>സർവ്വീസിന് ഉപയോഗിക്കുന്ന സെമി ലോ - ഫ്ലോർ വിഭാഗത്തിൽപ്പെട്ട 288 നോൺ എ.സി. ബസ്സുകളുടെ ഫ്ലോർ ഹൈറ്റ് 650 മില്ലി മീറ്ററും, സിറ്റി സർവ്വീസ്സുകൾക്കായി നിരത്തിലിറക്കിയ ഇലക്ട്രിക് ബസ്സുകൾ 890 മില്ലി മീറ്റർ ഫ്ലോർ ഹൈറ്റും ഉള്ളവയാണ്. |
| (ഡി) | ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങളെല്ലാം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ? | (ഡി) | ഇക്കാര്യത്തിലുള്ള നിർദ്ദേശങ്ങളെല്ലാം പൂർണ്ണമായും നടപ്പാക്കുന്നതിനായി 03.04.2024 തീയതിയിലെ ടി.ആർ.1/040730/2003 നമ്പർ ഉത്തരവായി പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടാതെ ഇക്കാര്യങ്ങൾ പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിന് KSRTC വിജിലൻസ് സ്ക്വാഡ് ഇൻസ്പെക്ടർമാർ അടക്കം എല്ലാ സൂപ്പർവൈസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ